# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2676 09.05.2017-ൽ മറുപടിയ്ക്ക്

## ആസൂത്രണ പ്രക്രിയ ഫലവത്താക്കാൻ നടപടി

| ചോദ്യം<br>ശ്രീ.എ. പ്രദീപ്കുമാർ<br>ശ്രീമതി.പി. അയിഷാ പോറ്റി<br>ശ്രീ.കെ. ആൻസലൻ<br>ശ്രീ. എം. രാജഗോപാലൻ | | മറുപടി<br>ഡോ.കെ.റ്റി.ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | പദ്ധതി വിഹിതത്തിന്റെ 80 ശതമാനത്തിലധികം വിനിയോഗിക്കുന്നത് വർഷാവസാന മാസത്തിലാണെന്ന നിലവിലെ സ്ഥിതി ആസൂത്രണ പ്രക്രിയ ഫലവത്താകാത്തതുകൊണ്ടായതിനാൽ ഇതു പരിഹരിക്കാൻ എന്തു നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നെന്ന് അറിയിക്കാമോ; | (എ) | സാമ്പത്തിക വർഷത്തിന്റെ തുടക്കം മുതൽ തന്നെ തദ്ദേശ സ്ഥാപനങ്ങളുടെ പദ്ധതികൾ നടപ്പിലാക്കുന്നതിന് മുൻകൂട്ടി വാർഷിക പദ്ധതി രൂപീകരിച്ച് അംഗീകാരം നൽകുക എന്നതാണ് ലക്ഷ്യം. 2018-19 സാമ്പത്തിക വർഷത്തെ പദ്ധതി രൂപീകരണം മാർച്ച് 31 ന മുമ്പ് പൂർത്തിയാക്കി ഏപ്രിൽ ഒന്നിന് പദ്ധതി പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് ലക്ഷ്യമിടുന്നു. വർഷാവസാനം പദ്ധതി തുക ചെലവാക്കുന്ന രീതി ഒഴിവാക്കി പദ്ധതി നിർവ്വഹണത്തിന് 12 മാസവും ലഭ്യമാക്കുന്ന രീതിയാണ് മാർഗ്ഗരേഖ വിഭാവനം ചെയ്യുന്നത്. ഈ രീതിയനുസരിച്ച് ഓരോ ത്രൈമാസവും 25 ശതമാനം തുക ചെലവഴിക്കുവാൻ സാധിക്കും. ഇതനുസരിച്ച് പദ്ധതി ആസൂത്രണ രീതി ക്രമപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | പ്രാദേശിക തലത്തിലുള്ള ആസൂത്രണത്തിനായി നിർദ്ദേശിച്ചിട്ടുള്ള സംവിധാനം എന്താണ്; | (ബി) | ഗ്രാമസഭ/വാർഡുസഭകളെ ശക്തിപ്പെടുത്തുന്നതിന് മുൻതൂക്കം നൽകിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി 02.04.2017 മുതൽ 09.04.2017 വരെ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും ഗ്രാമ/വാർഡുസഭകൾ കൂടുന്നതിന് പ്രത്യേക നിർദ്ദേശം നൽകിയിരുന്നു. കൂടാതെ പ്രാദേശിക ആസൂത്രണം കാര്യക്ഷമമാക്കുന്നതിന് ഓരോ തദ്ദേശഭരണ സ്ഥാപനത്തിലും ആസൂത്രണ സമിതികൾ രൂപീകരിച്ചു. വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കി. വികസനസെമിനാർ, സ്റ്റേറ്റ് ഹോൾഡർമാരുമായുള്ള ചർച്ച തുടങ്ങിയവയൊക്കെത്തന്നെ പ്രാദേശിക ആസൂത്രണം ഫലപ്രദമാക്കാനായുള്ള സംവിധാനങ്ങളാണ്. |

| | | | |
|---|---|---|---|
| (സി) | പ്രാദേശികാസൂത്രിത പദ്ധതികൾ നിർദ്ദിഷ്ട രീതിയിൽ സമയബന്ധിതമായി നടപ്പിലാക്കാൻ നിലവിലുള്ള നിർവ്വഹണ സംവിധാനമെന്തെന്നും ഇവയുടെ മേൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഉള്ള നിയന്ത്രണാധികാരങ്ങളും അറിയിക്കാമോ? | (സി | പ്രാദേശികാസൂത്രണം കാര്യക്ഷമമായി നടപ്പാക്കാൻ വ്യക്തമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഓരോ തദ്ദേശഭരണ സ്ഥാപനതലത്തിലുമുള്ള വിവിധ സംവിധാനങ്ങളുടെ രൂപീകരണവും നിയന്ത്രണവും തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഭരണസമിതിയുടെ നിയന്ത്രണത്തിലാണ്. ജില്ലാ ആസൂത്രണ സമിതി ഇത്തരം സംവിധാനങ്ങൾ ക്രോഡീകരിക്കാനും പ്രവർത്തനം ചിട്ടയോടെ മുന്നോട്ടുകൊണ്ടു പോകുവാനും പ്രത്യേകമായ നിർദ്ദേശം നൽകുകയും അവലോകനം നടത്തുകയും ചെയ്യുന്നുണ്ട്. സർക്കാർ തലത്തിൽ വിവിധ വകുപ്പുകളുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിന് കോർഡിനേഷൻ കമ്മിറ്റി പ്രത്യേകം ശ്രദ്ധിക്കുന്നുണ്ട്. ഇവയുടെയൊക്കെ പ്രവർത്തനഫലമായി പ്രാദേശിക ആസൂത്രണം സമയബന്ധിതമായി തന്നെ നടപ്പാക്കി വരുന്നുണ്ട്. |

Saradadevi (signature)

**സെക്ഷൻ ഓഫീസർ**